REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 01-04-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- റിസർവ് ബാങ്കിന്റെ 90-ാം വാർഷികം ഇന്ന് മുംബൈയിൽ. പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.
- അധിക കടമെടുപ്പിനായി കേരളം സമർപ്പിച്ച ഇടക്കാല ഹർജിയിൽ സുപ്രീംകോടതി ഇന്ന് വിധി പറയും.
- ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ഉദ്യോഗസ്ഥരുടെ ഒന്നാംഘട്ട റാൻഡമൈസേഷൻ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പൂർത്തിയായി.
- കേരളതീരത്ത് ഉയർന്ന തിരമാലയും കടലാക്രമണവും ഒരുദിവസം കൂടി തുടരുമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി.
- പത്തനംതിട്ട റാന്നിയിൽ കാട്ടാനയുടെ ആക്രമണത്തിൽ ഒരാൾ മരിച്ചു.
- IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിന് ജയം.

## വാർത്തകൾ വിശദമായി

**ഒരു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മുംബൈയിലെത്തും. റിസർവ് ബാങ്കിന്റെ 90-ാം വാർഷിക ആഘോഷമായ RBI at 90-യിൽ അദ്ദേഹം പങ്കെടുക്കും. കേന്ദ്ര ധനകാര്യ, മന്ത്രി നിർമല സീതാരാമൻ, സഹമന്ത്രി ഭഗവത് കിഷൻറാവു കരാഡ്, പങ്കജ് ചൗധരി**

എന്നിവരും പങ്കെടുക്കും. RBI ഗവർണർ ശക്തികാന്ത ദാസും പരിപാടിയെ അഭിസംബോധന ചെയ്യും.

1935 ഏപ്രിൽ 1-ന് സ്ഥാപിതമായ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഇന്ന് 90-ാം വർഷത്തിലേക്ക് കടക്കുകയാണ്.

✪✪✪

അധിക കടമെടുപ്പിനായി കേരളം സമർപ്പിച്ച ഇടക്കാല ഹർജിയിൽ സുപ്രീംകോടതി ഇന്ന് വിധി പറയും. ജസ്റ്റിസുമാരായ സൂര്യകാന്ത്, K.V വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചാണ് രാവിലെ പത്തരയ്ക്ക് വിധി പറയുക. പതിനായിരം കോടി കൂടി അധികമായി കടമെടുക്കാൻ അനുവദിക്കണം എന്നതാണ് കേരളത്തിന്റെ ആവശ്യം. ഹർജിയിൽ ഉന്നയിച്ച വിഷയങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാൻ കോടതി നിർദ്ദേശിച്ചിരുന്നെങ്കിലും ഫലമില്ലാതെ വന്നതോടെയാണ് കേസിൽ സുപ്രീം കോടതി വീണ്ടും വാദം കേട്ടത്.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോൺഗ്രസ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി ന്യൂഡൽഹിയിൽ ചേർന്നു. പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, പാർലമെന്ററി പാർട്ടി അധ്യക്ഷ സോണിയ ഗാന്ധി, K.C വേണുഗോപാൽ, ഉൾപ്പെടെ മുതിർന്ന നേതാക്കൾ പങ്കെടുത്തു. ബിഹാറിലെ മുതിർന്ന കോൺഗ്രസ് നേതാക്കളും യോഗത്തിൽ സംബന്ധിച്ചു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിനു ഉത്തർപ്രദേശിൽ കോൺഗ്രസ് പാർട്ടിയുടെ താരപ്രചാരകരുടെ പട്ടിക പുറത്തിറക്കി. പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, മുതിർന്ന നേതാവ് സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി വധേര, D.K ശിവകുമാർ, ദിഗ്‌വിജയ സിംഗ്, സച്ചിൻ പൈലറ്റ് തുടങ്ങിയവരാണ് പട്ടികയിലുള്ളത്. ജമ്മു കശ്മീരിലെ താരപ്രചാരകരുടെ പട്ടികയും പാർട്ടി പുറത്തുവിട്ടു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ഉദ്യോഗസ്ഥരുടെ ഒന്നാം ഘട്ട റാൻഡമൈസേഷൻ പൂർത്തിയായതായി വിവിധ ജില്ലാ കലക്ടർമാർ അറിയിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

..........വോയ്സ്...........

ബന്ധപ്പെട്ട ഓഫീസ് മേധാവികൾ നിയമന ഉത്തരവുകൾ സോഫ്റ്റ് വെയറിൽ നിന്നു ഡൗൺലോഡ് ചെയ്ത് ഡ്യൂട്ടി ലഭിച്ച ഉദ്യോഗസ്ഥർക്ക് നൽകണമെന്നും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർമാർ പറഞ്ഞു. പ്രിസൈഡിംഗ് ഓഫീസർമാരും ഫസ്റ്റ് പോളിംഗ് ഓഫീസർമാരും ഒന്നാം ഘട്ട പരിശീലനത്തിൽ പങ്കെടുക്കണം. സമയക്രമം, പരിശീലനകേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പോസ്റ്റിംഗ് ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കും. പോസ്റ്റൽ ബാലറ്റിന് അപേക്ഷ നൽകേണ്ട അന്യ ജില്ലയിൽ വോട്ടുള്ള എല്ലാ വിഭാഗത്തിലെയും പോളിംഗ് ഉദ്യോഗസ്ഥർ ഫോറം - 12 അപേക്ഷകൾ ബന്ധപ്പെട്ട പരിശീലന കേന്ദ്രങ്ങളിൽ

സജ്ജീകരിച്ച ഫെസിലിറ്റേഷൻ സെന്ററിൽ നിശ്ചിത തീയതിക്കകം സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയനും CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദനും ഇന്ന് കോഴിക്കോട് ജില്ലയിൽ LDF-ന്റെ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ സംബന്ധിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ മുക്കത്ത് വയനാട് പാർലമെന്റ് മണ്ഡലം പ്രചാരണ പരിപാടിയിൽ സംബന്ധിക്കും M.V ഗോവിന്ദൻ കുന്ദമംഗലം,കോഴിക്കോട് സൗത്ത്, ബേപ്പൂർ നിയോജക മണ്ഡലങ്ങളിലാണ് പര്യടനം നടത്തുക.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ BJP-ക്ക് ആത്മവിശ്വാസമുണ്ടെന്ന് കേരള പ്രഭാരി പ്രകാശ് ജാവ് ദേക്കർ M.P പറഞ്ഞു. നരേന്ദ്ര മോദി ഗവൺമെന്റിന്റെ മികച്ച ഭരണ നേട്ടങ്ങൾ തന്നെയാണ് ഇതിന് കാരണമെന്ന് അദ്ദേഹം കോഴിക്കോട്ട് വ്യക്തമാക്കി. LDF-UDF മുന്നണികൾക്ക് അവരുടെ വികസന നേട്ടങ്ങൾ മുന്നോട്ടു വയ്ക്കാനില്ലാത്തത് കൊണ്ടാണ് അവർ CAA പോലെ വിഷയങ്ങൾ ഉന്നയിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഭരണ നേതൃത്വത്തിന്റെ അറിവോടെ റിയാസ് മൗലവി വധക്കേസിൽ പ്രോസിക്യൂഷനും പോലീസും ഗുരുതര വീഴ്ച വരുത്തിയെന്ന് പ്രതിപക്ഷ നേതാവ് V.D.സതീശൻ പറഞ്ഞു.

പ്രതികൾ RSS ആണെന്ന് തെളിയിക്കുന്നതിനു വേണ്ടി ഉൾപ്പെടുത്തിയിരുന്ന ആറ് സാക്ഷികളിൽ ഒരാളെ മാത്രമാണ് വിസ്തരിച്ചത്. അഞ്ചു പേരെ വിസ്തരിക്കാത്തത് ദുരൂഹമാണെന്നും സതീശൻ കാസർഗോട്ട് പറഞ്ഞു.

✪✪✪

രാജ്യത്തെ മുസ്ലിം വിഭാഗങ്ങളുടെ കൂടി സംരക്ഷണത്തിനാണ് കേന്ദ്ര ഗവൺമെന്റ് സിഎഎ നിയമം കൊണ്ടു വന്നതെന്ന് ന്യൂനപക്ഷമോർച്ച അഖിലേന്ത്യ അദ്ധ്യക്ഷൻ ജമാൽ സിദ്ദീഖി പറഞ്ഞു. മലപ്പുറം പാർലമെന്റ് മണ്ഡലം NDA തെരഞ്ഞെടുപ്പ് കൺവെൻഷൻ മലപ്പുറത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

CAA വിഷയം ഉയർത്തിക്കാട്ടി മുസ്ലിം വിഭാഗത്തിനിടയിൽ ഭീതി സൃഷ്ടിക്കാനാണ് ഇടത് വലത് മുന്നണികൾ ശ്രമിക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

നാമ നിർദ്ദേശ പത്രിക സമർപ്പിക്കാൻ മൂന്നു ദിവസം മാത്രം ബാക്കി നിൽക്കെ ആലത്തൂർ മണ്ഡലത്തിൽ മൂന്ന് മുന്നണി സ്ഥാനാർഥികളും പത്രികകൾ സമർപ്പിക്കാൻ തയ്യാറെടുപ്പിലാണ്.

മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് പ്രചാരണം അടുത്ത ഘട്ടത്തിലേക്ക് കടന്നു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

...........വോയ്സ് .................

✪✪✪

ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലത്തിലെ ബൂത്തുകളിൽ LDF പ്രവർത്തകർ പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് അച്ചടിച്ച "മുഖ്യമന്ത്രിയുടെ നിയമസഭ പ്രസംഗം " എന്ന പുസ്തകം വീടുകളിൽ നൽകുന്നതിനെതിരെ തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി. UDF തെരഞ്ഞെടുപ്പ് കമ്മറ്റി ചെയർമാൻ കരകുളം കൃഷ്ണപിള്ളയാണ് പരാതി നൽകിയത്. ഗവൺമെന്റ് സംവിധാനങ്ങളെ തെരഞ്ഞെടുപ്പ് പ്രചരണത്തിനായി ഉപയോഗിക്കുന്നത് തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് പരാതിയിൽ പറയുന്നു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പ് ദിവസം പോളിംഗ് കേന്ദ്രങ്ങളിൽ റിപ്പോർട്ടിങ്ങിന് ഇലക്ഷൻ കമ്മീഷൻ പാസ് നൽകുന്ന മാധ്യമപ്രവർത്തകർക്കും പോസ്റ്റൽ വോട്ടിന് അവസരം ഉണ്ടായിരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. തിരഞ്ഞെടുപ്പ് ദിവസം ജോലി ചെയ്യുന്ന PRD-യുടെ അക്രഡിറ്റേഷനുള്ള മാധ്യമപ്രവർത്തകർക്ക് പോസ്റ്റൽ വോട്ടിന് അവസരം നൽകുന്നതിന് പുറമേയാണിത്. ഇത് സംബന്ധിച്ച് പിആർഡി ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ടെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

✪✪✪

കേന്ദ്ര അന്വേഷണ ഏജൻസിയായ CBI ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സ്ഥാപക ദിനത്തോടനുബന്ധിച്ച് 20-ാമത് ഡി.പി കോഹ്‌ലി സ്മാരക പ്രഭാഷണം സംഘടിപ്പിക്കും.

*ക്രിമിനൽ നീതിയുടെ പുരോഗതിയിലേക്ക് സാങ്കേതിക വിദ്യയെ സ്വീകരിക്കുകയെന്ന* വിഷയത്തിൽ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് മുഖ്യപ്രഭാഷണം നടത്തും. വിശിഷ്ട സേവനത്തിന് രാഷ്ട്രപതിയുടെ പൊലീസ് മെഡലുകളും സ്തുത്യർഹ സേവനത്തിനു പൊലീസ് മെഡലുകളും ചീഫ് ജസ്റ്റിസ്, സി.ബി.ഐ ഉദ്യോഗസ്ഥർക്ക് ചടങ്ങിൽ സമ്മാനിക്കും.

✪✪✪

കേരളതീരത്ത് ഉയർന്ന തിരമാലയും കടലാക്രമണവും ഒരുദിവസം കൂടി തുടരുമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് - തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്ന് രാത്രി പതിനൊന്നര വരെ കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരമാല 1.5 മീറ്റർ വരെ ഉയരുമെന്നാണ് മുന്നറിയിപ്പ്.

ഡസ്ക്ക് റിപ്പോർട്ട് ........

(വോയ്സ് )

കള്ളക്കടൽ എന്ന പ്രതിഭാസമാണ് വ്യാപകമായ രീതിയിൽ കടലാക്രമണത്തിന് കാരണമെന്നും ഈ പ്രതിഭാസം തീരത്തെ

മറ്റിടങ്ങളിലുണ്ടാകാൻ സാധ്യതയുണ്ടെന്നും ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. ഇത് കണക്കിലെടുത്ത് തീരദേശവാസികൾ ജാഗ്രതപാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

കടൽക്ഷോഭം രൂക്ഷമായി തുടരാൻ സാധ്യത ഉള്ളതിനാൽ അപകട മേഖലകളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദ്ദേശാനുസരണം മാറി താമസിക്കണം. മൽസ്യബന്ധന യാനങ്ങൾ ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കണം. ബീച്ചിലേക്കു യാത്രകളും കടലിൽ ഇറങ്ങി വിനോദങ്ങളും കടൽ സ്ഥിതി ശാന്തമാകുന്നതുവരെ പൂർണമായും ഒഴിവാക്കണം. ആഴക്കടൽ മത്സ്യബന്ധനത്തിന് നിലവിൽ തടസ്സമില്ലെന്നും എന്നാൽ തീരത്തേക്ക് മടങ്ങിയെത്തുന്ന യാനങ്ങൾ പ്രത്യേക ജാഗ്രത പുലർത്തണമെന്നും കൊല്ലം ജില്ലാ കളക്ടർ പറഞ്ഞു.

തിരുവനന്തപുരത്ത് തീരപ്രദേശത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തി. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ സംസ്ഥാന ഫിഷറീസ് വകുപ്പ് കൺട്രോൾ റൂം ആരംഭിച്ചു.

തിരുവനന്തപുരം,ആലപ്പുഴ, കൊല്ലം തൃശ്ശൂർ, ജില്ലകളിൽ ആണ് ഇന്നലെ കടൽ ആക്രമണം ഉണ്ടായത്. കൊല്ലം നഗരത്തിലെ മുണ്ടയ്ക്കൽ വെടിക്കുന്ന് ഭാഗത്ത് കടലാക്രമണത്തിൽ വീടുകൾക്ക് കേടുപാടുണ്ടായി. വെടിക്കുന്ന് തിരുവാതിര നഗറിലെ ചാപ്പലിന് മുന്നിലെ റോഡ് ഭാഗികമായി കടലെടുത്തു. പരവൂർ പൊഴിക്കരയിൽ

തിരമാലകൾ തീരംകടന്ന് റോഡിന് മറുവശത്തേക്കൊഴുകി. അഴീക്കൽ, പരവൂർ തെക്കുംഭാഗം, മയ്യനാട്, താന്നി മേഖലകളിലും കടലാക്രമണമുണ്ടായി.

✪✪✪

പത്തനംതിട്ട റാന്നി തുലാപ്പള്ളി പുളിയൻകുന്ന് മലയിൽ കാട്ടാനയുടെ ആക്രമണത്തിൽ ഒരാൾ മരിച്ചു. പുളിയൻകുന്ന് മല കുടിലിൽ ബിജുവാണ് മരിച്ചത്. ഇന്ന് പുലർച്ചെ മൂന്നോടെ ബിജുവിന്റെ മൃതദേഹം വീട്ടിൽ നിന്നും 50 മീറ്റർ അകലെ കണ്ടെത്തുകയായിരുന്നു. പുരയിടത്തിൽ ഇറങ്ങിയ ആനയെ ഓടിക്കാൻ ശ്രമിക്കുന്നതിനിടയിലാണ് സംഭവമെന്ന് സമീപവാസികൾ പറഞ്ഞു. പമ്പ പോലീസും, കണമല ഫോറസ്റ്റ് ഉദ്യോഗസ്ഥരും സ്ഥലത്ത് എത്തി.

✪✪✪

പുതുച്ചേരിയിലെ തേങ്ങാത്തിട്ട് വസന്തം നഗറിൽ കനാലിന്റെ ചെളി നീക്കുന്നതിനിടെ ഭിത്തി ഇടിഞ്ഞുവീണ് അഞ്ച് തൊഴിലാളികൾ മരിച്ചു. പരിക്കേറ്റവരെ പുതുച്ചേരി ഗവണ്മെന്റ് ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

കഴിഞ്ഞ വർഷത്തെ മികച്ച ഇന്ത്യൻ ഗോൾകീപ്പർക്കു നൽകുന്ന ഹോക്കി ഇന്ത്യ പുരസ്കാരം മലയാളി താരം പി.ആർ ശ്രീജേഷിന് ലഭിച്ചു. അഞ്ചു ലക്ഷം രൂപയുടെ പുരസ്കാരം ഇന്നലെ ന്യൂഡൽഹി നടന്ന ചടങ്ങിൽ ശ്രീജേഷിന് സമ്മാനിച്ചു.

മിഡ്ഫീൽഡർ ഹർദിക് സിംഗ് മികച്ച താരമായും സലിമ ടെറ്റെ മികച്ച വനിതാ താരമായും തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ വർഷത്തെ മികച്ച മിഡ് ഫീൽഡർക്കു നൽകുന്ന പുരസ്കാരവും ഹർദീക്കിനാണ്. ആജീവനാന്ത സംഭാവനക്കു മേജർ ധ്യാൻചന്ദ് പുരസ്കാരം അശോക് കുമാറിനും ലഭിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിന് തകർപ്പൻ ജയം. വിശാഖപട്ടണത്ത് രാജശേഖര റെഡ്ഡി ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ചെന്നൈ സൂപ്പർ കിങ്സിനെ 20 റൺസിനാണ് ഡൽഹി പരാജയപ്പെടുത്തിയത്. ഡൽഹി ക്യാപിറ്റൽസ് ഉയർത്തിയ 192 വിജയലക്ഷ്യം പിന്തുടർന്ന ചെന്നൈ സൂപ്പർ കിങ്സ് നിശ്ചിത 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 171 റൺസെടുത്തു.

ഇന്ന് മുംബൈ ഇന്ത്യൻസ്, രാജസ്ഥാൻ റോയൽസുമായി ഏറ്റുമുട്ടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി ഏഴരക്കാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ചെന്നൈയിൻ FC-ക്ക് ജയം. കൊൽക്കത്തയിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ രണ്ടിനെതിരെ മൂന്ന് ഗോളിനാണ് ചെന്നൈയിൻ FC തോൽപ്പിച്ചത്.

ഇന്ന് ഹൈദരാബാദ് FC മുംബൈ സിറ്റി FC യെ നേരിടും. രാത്രി ഏഴരയ്ക്ക് ഹൈദരാബാദിലാണ് മത്സരം.

✪✪✪

സാമ്പത്തിക വർഷത്തെ ആദ്യ പ്രവൃത്തി ദിവസമായ ഇന്ന് ട്രഷറി തുറന്ന് പ്രവർത്തിക്കുമെങ്കിലും സാമ്പത്തിക ഇടപാടുകൾ ഉണ്ടാകില്ലെന്ന് അധികൃതർ അറിയിച്ചു. സംസ്ഥാന ബജറ്റിൽ നിർദേശിച്ച നികുതി, ഫീ വർധനയും ഇളവുകളും ഇന്നു പ്രാബല്യത്തിൽ വരും. കോടതി ഫീസുകൾ ഉയരും. ചെക്ക് കേസിനും വിവാഹ മോചന കേസിനും ഫീസ് കൂടും. ഭൂമി പണയപ്പെടുത്തി വായ്പ എടുക്കുന്നതിനും ചെലവേറും. റബറിന്റെ താങ്ങുവില 170 രൂപയിൽ നിന്ന് 180 രൂപയാകും. സംസ്ഥാന ഗവണ്മെന്റ് ജീവനക്കാരുടെ ഡിഎയും പെൻഷൻകാരുടെ ക്ഷാമാശ്വാസവും രണ്ട് ശതമാനം വർദ്ധിയ്ക്കും.

✪✪✪